LIBRARY ARCHIVES Kerala Legislative Assembly

വില്ലേജ് അതിർത്തിക്കുള്ളിൽ പോക്കുവരവ്

24 (*266) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് അതിർത്തിക്കുള്ളിൽ പോക്കുവരവ് ചെയ്യുമ്പോൾ ഒരു റീസർവ്വേ സബ് ഡിവിഷനിൽ അപേക്ഷകർക്ക് ഒന്നൊന്നായി ആധാരപ്രകാരമുള്ള വിസ്തീർണ്ണം പോക്കുവരവ് ചെയ്തതിനുശേഷം ആ സബ്-ഡിവിഷനിലെ അവസാനത്തെ അപേക്ഷകന് പോക്കുവരവ് ചെയ്യ നൽകാൻ വസ്തു ഇല്ലാതെ വരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) ഉണ്ട്.

(ബി) ഇത്തരം കേസ്സുകളിൽ, വില്ലേജ് റെക്കോർഡുകൾ പ്രകാരം ബന്ധപ്പെട്ട സർവ്വേ നമ്പരിലുള്ള ആകെ വിസ്തീർണ്ണം, ഓരോരുത്തരുടെയും കൈവശത്തിലും ആധാരത്തിലുമുള്ള വിസ്തീർണ്ണം എന്നിവ പ്രത്യേകം തിട്ടപ്പെടുത്തി എല്ലാ കക്ഷികളെയും നേരിൽ കേട്ട ശേഷം തെറ്റായി പോക്കുവരവ് നടത്തിയിട്ടുണ്ടെങ്കിൽ ആയത് റദ്ദ് ചെയ്ത്, റീസർവ്വേ റെക്കോർഡുകളുടെയും കൈവശത്തിന്റെയും അടിസ്ഥാനത്തിൽ റെക്കോർഡുകൾ തയ്യാറാക്കി പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രം

25 (*267) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ) ഉണ്ട്.

(ബി & സി) വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് ഭൗതികാന്തരീക്ഷം ആകർഷകവും, ശിശുസൗഹൃദവുമാക്കുക, എല്ലാ സ്കൂളുകളിലും ശൗചാലയങ്ങൾ ഉറപ്പാക്കുക, എല്ലാ കുട്ടികളും ഓരോ ക്ലാസ്സവസാനത്തിൽ നിർദ്ദിഷ്ട പഠനനേട്ടം കൈവരിച്ചു എന്നുറപ്പാക്കുക, കുട്ടികളിൽ ശുചിത്വ ശീലം ഉണ്ടാക്കുകയും, പരിസരം ശുചിയാക്കുകയും ചെയ്യുക, ഉൾക്കൊള്ളൽ വിദ്യാഭ്യാസത്തിലൂടെ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ മുഖ്യധാരയിലേക്ക് എത്തിക്കുക, പെൺകുട്ടികൾ, എസ്.സി./എസ്.ടി. കുട്ടികൾ, ഗിഫ്റ്റഡ് ചിൽഡ്രൻ എന്നിവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുക, ഗുണമേന്മയുള്ള അദ്ധ്യാപക സമൂഹത്തെ സൃഷ്ടിക്കുക, വിദ്യാഭ്യാസ അവകാശ നിയമം പ്രാവർത്തികമാക്കുക എന്നീ ഉദ്ദേശ്യങ്ങളാണ് വിവിധ പദ്ധതിവഴി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. എസ്.എസ്.എ. മുഖാന്തരമാണ് ടി പദ്ധതികൾ നടപ്പിലാക്കുന്നത്.

നദീതീര സംരക്ഷണ നിയമം

26 (*268) ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നദീതീര സംരക്ഷണ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ;

(ബി) നിയമത്തിൽ വ്യവസ്ഥ ചെയ്തപ്രകാരമുള്ള തീരസംരക്ഷണ സേനയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; ഇതിന്റെ ഘടനയും പ്രവർത്തനവും വിശദമാക്കാമോ; ഏതെല്ലാം ജില്ലകളിൽ സേനയുടെ പ്രവർത്തനമുണ്ട് എന്നറിയിക്കാമോ;

(സി) വിദഗ്ധ സംഘങ്ങൾ നദികളെ ആസ്പദമാക്കി നടത്തുന്ന മണൽ ഓഡിറ്റിംഗ് പൂർത്തിയാക്കിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി ഏതെല്ലാം നദികളിൽ നിന്നും മണൽ വാരുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly